**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 287** **26-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർഥികൾക്ക് സുരക്ഷിത യാത്ര**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുമ്പോൾ വിദ്യാർത്ഥികളുടെ യാത്ര സുരക്ഷിതമാക്കുവാനും വാഹനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുവാനും വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുമ്പോൾ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ അധികൃതർക്കും വാഹനത്തിന്റെ ഡ്രൈവർമാർ, അറ്റന്റർമാർ, രക്ഷകർത്താക്കൾ എന്നിവർക്കുള്ള മാർഗനിർദ്ദേശങ്ങൾ അടങ്ങിയ വിശദമായ 'Students Transportation Protocol' എല്ലാ സ്കൂളുകൾക്കും, കുട്ടികളെ കൊണ്ടു പോകുന്ന വാഹനങ്ങളുടെ ഉടമകൾക്കും ഡ്രൈവർമാർക്കും മോട്ടോർ വാഹന വകുപ്പ് നൽകിയിട്ടുണ്ട്. |
| (ബി) | ദീർഘനാളുകളായി പ്രവർത്തനരഹിതമായ വാഹനങ്ങൾ ഉപയോഗിക്കുമ്പോൾ അവയുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനായി എന്തെല്ലാം പരിശോധനകൾ നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | സ്കൂൾ വാഹനങ്ങൾ, സ്കൂൾ കുട്ടികളെ കൊണ്ടു പോകുന്ന മറ്റ് കോൺട്രാക്ട് കാര്യേജുകൾ, ടാക്സി എന്നിവയുടെ പരിശോധന പ്രത്യേകം ഷെഡ്യൂൾ തയ്യാറാക്കി ഒക്ടോബർ 20-ാം തീയതിയ്ക്കകം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എല്ലാ ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ. മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സേഫ് കേരള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി എല്ലാ താലൂക്കിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ച് വാഹനങ്ങളുടെ യന്ത്രക്ഷമത പരിശോധിക്കുന്നതിനും ആവശ്യമായ മറ്റ് ക്രമീകരണങ്ങൾ ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹനങ്ങളിൽ സ്പീഡ് ഗവർണർ, അഗ്നിശമന ഉപകരണങ്ങൾ, പ്രഥമ ശുശ്രൂഷാ സാമഗ്രികൾ, വാഹനത്തിൽ സഞ്ചരിക്കുന്ന കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ, പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ എന്നിവ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹനങ്ങളുടെ യന്ത്രക്ഷമത പരിശോധിച്ച് ഉറപ്പു വരുത്തേണ്ട ചുമതല ഡ്രൈവർക്കായിരിക്കും. |

| | | | |
|---|---|---|---|
| (സി) | ഇതിനായി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | വിദ്യാർഥികൾക്ക് സുരക്ഷിത യാത്ര ഒരുക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ ബോണ്ട് സർവീസ് ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ഡി) | നവംബർ മാസം മുതൽ സ്കൂൾ തുറക്കുവാൻ നിശ്ചയിച്ച സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് നിലവിൽ തുടർന്നു വരുന്ന കൺസഷൻ നിരക്കിൽ യാതൊരു വ്യത്യാസവും വരുത്താതെ, ഓപ്പറേറ്റ് ചെയ്തു വരുന്ന ഓർഡിനറി ബസ്സുകളിൽ ക്രമപ്രകാരം യാത്രാ സൗകര്യം നൽകുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രത്യേക ബസ് ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് ബസ് ഓൺ ഡിമാൻറ് (BOND) പദ്ധതിയിൽ കുട്ടികൾക്ക് മാത്രം പ്രത്യേകമായി ബസ് നൽകുന്നതിന് പദ്ധതി തത്ത്വത്തിൽ ധാരണയായിട്ടുണ്ട്. ഇത് നിലവിൽ സർക്കാർ ജീവനക്കാർക്കും പൊതുജനങ്ങൾക്കുമുള്ള യാത്രാ സൗകര്യത്തിനായി ഏർപ്പെടുത്തിയ ബസ് ഓൺ ഡിമാന്റ് (BOND) സർവ്വീസിന്റെ മാതൃകയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ സ്കൂളുകളുടേയും ആവശ്യകത അനുസരിച്ച് ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം എന്നിവ അനുസരിച്ച് സ്കൂളുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഇത്തരത്തിൽ കുട്ടികൾക്ക് മാത്രമായി പ്രത്യേകം ബസ്സുകൾ പ്രത്യേക ബസ് നിരക്ക് നിശ്ചയിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. പ്രത്യേകമായി ഇത്തരം സ്കൂളുകൾക്ക് നൽകുന്ന ബസ്സുകൾക്ക് സർവ്വീസുകൾ ആവശ്യപ്പെടുന്ന സ്കൂളുകൾ, പി.റ്റി.എ, മാനേജ്മെന്റ്, സർക്കാർ എന്നിവയിലൂടെയും ബസ്സിന്റെ മുടക്ക് മുതൽ, പരിപാലനം ഇവ ഒഴികെയുള്ള ചെലവ് കണ്ടെത്തുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ




# Covid - 19
# Students Transportation Protocol





KERALA MOTOR VEHICLES DEPARTMENT




## സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ ഗതാഗത സംവിധാനങ്ങളിൽ കോവിഡ് വ്യാപനം തടയുന്നതിനായി ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ.

MOTOR VEHICLES DEPARTMENT
MVD
മോട്ടോർ വാഹന വകുപ്പ്
Safety and Service is our mission

1. സ്കൂൾ ബസ്സിൽ യാത്ര ചെയ്യുന്ന കുട്ടികളും ജീവനക്കാരും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങൾ.

- പനിയോ ചുമയോ മറ്റേതെങ്കിലും രോഗലക്ഷണമോ ഉള്ളവർ യാത്ര ചെയ്യുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു. കൂടാതെ ശർദ്ദി, തുമ്മൽ എന്നിവ ഉള്ളവരും സ്കൂൾ ബസ് യാത്ര ഒഴിവാക്കേണ്ടതാണ്.
- ഡോർ അറ്റൻഡന്റ് ബസിൽ പ്രവേശിക്കുന്ന കുട്ടിയുടെ ടെമ്പറേച്ചർ തെർമൽ സ്കാനർ ഉപയോഗിച്ച് പരിശോധിച്ച് ഹാന്റ് സാനിറ്റൈസർ ഉപയോഗിച്ച് ഹാന്റ് സാനിറ്റൈസ് ചെയ്തതിനു ശേഷം മാത്രമെ വിദ്യാർത്ഥികളെ ബസിൽ പ്രവേശിപ്പിക്കുവാൻ അനുവദിക്കാവൂ. ഇതിനായി ഓരോ വാഹനത്തിലും ഒരു തെർമൽ സ്കാനറും ഒരു ലിറ്റർ കപ്പാസിറ്റിയുള്ള ഹാന്റ് സാനിറ്റൈസർ ബോട്ടിലും സൂക്ഷിക്കേണ്ടതാണ്.



- നിലവിലെ സാഹചര്യത്തിൽ KMVR 221 പ്രകാരം പന്ത്രണ്ട് വയസ്സുവരെ പ്രായമുള്ളവർക്ക് ഒരു സീറ്റിൽ രണ്ടു കുട്ടകൾക്ക് ഇരിക്കാം എന്ന ഇളവ് ഒഴിവാക്കേണ്ടതാണ്. ഒരു സീറ്റിൽ ഒരു കുട്ടിക്ക് മാത്രമായി നിജപ്പെടുത്തണം. അതായത് സീറ്റിംഗ് കപ്പാസിറ്റിക്ക് അനുസരിച്ച് മാത്രം.
- ബസ്സിൽ നിന്ന് യാത്ര ചെയ്യുന്നത് അനുവദിക്കരുത്.

- വാഹനത്തിൽ N95/double മാസ്ക് എല്ലാവർക്കും നിർബന്ധമാക്കുക.
- എല്ലാ കുട്ടികളും പരമാവധി സാമൂഹിക അകലം (social distance) പാലിക്കേണ്ടതും പരസ്പരമുള്ള സ്പർശനം ഒഴിവാക്കേണ്ടതുമാണ്.
- വിൻഡോ ഷട്ടറുകൾ എല്ലാം തുറന്ന് ഇടേണ്ടതാണ്.
- വാഹനത്തിൽ ഇരുന്ന് പുറത്തേക്ക് തുപ്പുന്നതും ബബിൾഗം പോലുള്ള ച്യൂയിംഗ് മിഠായികൾ ചവയ്ക്കുന്നതും കർശനമായി തടയണം.
- വാഹനം യാത്ര അവസാനിക്കുന്ന സമയത്ത് അണുനാശിനി സ്പ്രേ ഉപയോഗിച്ചോ, സോപ്പ് ലായനി ഉപയോഗിച്ചോ കഴുകി വൃത്തിയാക്കണം.
- വാഹനത്തിൽ എ.സി. അനുവദനീയമല്ല.
- തുണികൊണ്ടുള്ള സീറ്റ് കവർ/കർട്ടൻ എന്നിവ അനുവദനീയമല്ല.
- ഹാന്റ് സാനിറ്റൈസറിന്റെ ചെറിയ ബോട്ടിൽ എല്ലാ കുട്ടികളും കയ്യിൽ കരുതേണ്ടതും ഇടയ്ക്കിടക്ക് കൈകൾ അണുവിമുക്തമാക്കുകയും ചെയ്യേണ്ടതാണ

2. **സ്കൂൾ അധികൃതർ ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ.**

- സ്കൂൾ വാഹനങ്ങളിൽ കുട്ടികൾ അനുവർത്തിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ എല്ലാ കുട്ടികൾക്കും രക്ഷിതാക്കൾക്കും പ്രിന്റ് ചെയ്തു നൽകേണ്ടതും ആയത് സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രിന്റ് ചെയ്ത് വാഹനങ്ങളിലും സ്കൂൾ പരിസരത്തും പ്രദർശിപ്പിക്കേണ്ടതുമാണ്.
- ഓരോ വാഹനത്തിനും ആവശ്യമായ തെർമൽ സ്കാനറുകൾ സാനിറ്റൈസർ ബോട്ടിലുകൾ, മാസ്കുകൾ എന്നിവ മുൻകൂട്ടി തന്നെ വാങ്ങുന്നതിനും വിതരണം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.
- സുരക്ഷാ ഓഫീസറായി നിയോഗിച്ചിട്ടുള്ള അദ്ധ്യാപകരോ ബസ് സൂപ്പർവൈസർമാരോ എല്ലാ ദിവസവും രാവിലെ എല്ലാ ഡ്രൈവർമാരുടെയും ഡോർ അറ്റൻഡർമാരുടെയും ബോഡി ടെമ്പറേച്ചർ പരിശോധിക്കുന്നതിനുള്ള

ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും പ്രധാനാധ്യാപകൻ ഇത് നിരീക്ഷിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്.

- രണ്ട് ഡോസ് കോവിഡ് വാക്സിൻ എടുത്തവരെ മാത്രമെ പ്രസ്തുത ഡ്യൂട്ടിക്കായി നിയോഗിക്കാവൂ.
- ഒരു ട്രിപ്പിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ എണ്ണം കുറക്കേണ്ടതിനാൽ ക്ലാസ് ടൈമുകൾ അതിനനുസരിച്ച് ക്രമപ്പെടുത്തേണ്ടതും ട്രിപ്പുകൾ വർദ്ധിപ്പിക്കുകയും ചെയ്യണം.
- സ്കൂളിലേക്ക് വാഹനങ്ങൾ കൊണ്ടുവരുന്ന മറ്റ് കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ ഏതെന്ന് കണ്ടെത്തുകയും പ്രസ്തുത വാഹനങ്ങൾക്കും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ അവർ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. ഇത് ഉറപ്പുവരുത്തുന്നതിന് മുൻകൂട്ടി തന്നെ ഈ വാഹനങ്ങളുടെ ലിസ്റ്റുകൾ തയ്യാറാക്കുകയും ആയതിന്റെ കോപ്പി മോട്ടോർ വാഹന വകുപ്പിനും പോലീസിനും കൈമാറുകയും ചെയ്യേണ്ടതാണ്.

**3. സ്കൂൾ വാഹനങ്ങളുടെ യാന്ത്രിക ക്ഷമത ഉറപ്പുവരുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ.**

- ദീർഘകാലമായി വാഹനങ്ങൾ നിർത്തിയിട്ടിരിക്കുന്നതിനാൽ ഇതിൽ പലതും ഉപയോഗ ശൂന്യമായതും വളരെ അപകടകരമായ സാഹചര്യത്തിലും ആണ് ഉള്ളത് ആയതിനാൽ തന്നെ എല്ലാ വാഹനങ്ങളും മുൻകൂട്ടി തന്നെ റിപ്പയർ ചെയ്യുന്നതിനും ആവശ്യമായ സുരക്ഷാ പരിശോധനയും ഫിറ്റ്നസ് പരിശോധനയും പൂർത്തിയാക്കി ട്രയൽ റൺ നടത്തിയതിന് ശേഷം മാത്രമെ കുട്ടികളെ കൊണ്ടുവരാൻ ഉപയോഗിക്കുന്നുള്ളൂ എന്ന് സ്കൂൾ അധികൃതർ ഉറപ്പു വരുത്തണം.
- സ്കൂൾ വാഹനങ്ങൾ സംബന്ധിച്ച് കാലാകാലങ്ങളായി നൽകിയിട്ടുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും അതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. (Refer Annexure).

- സ്കൂൾ വാഹന ഡ്രൈവർമാരുടെയും അറ്റൻഡർമാരുടെയും സുരക്ഷാ ഉദ്യോഗസ്ഥരായി നിയോഗിച്ചിട്ടുള്ള അദ്ധ്യാപകരുടെയും സ്കൂളിൽ കുട്ടികളെ കൊണ്ടു വരുന്ന മറ്റു വാഹനങ്ങളിലെ ഡ്രൈവർമാർക്കും ഇത് സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പിന്റെ സാഹയത്തോടെ ഓൺലൈൻ പരിശീലനം ലഭ്യമാക്കേണ്ടതാണ്.

4. **മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ടു നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ**

- സ്കൂൾ വാഹനങ്ങൾ മറ്റ് കുട്ടികളെ കൊണ്ടു പോകുന്ന ടാക്സി/കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ പരിശോധന ഒരു ഷെഡ്യൂൾ തയ്യാറാക്കി ഒക്ടോബർ 20-)ം തീയതിക്കകം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കും.
- സേഫ് കേരള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി എല്ലാ താലൂക്കിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ച് വാഹനങ്ങളുടെ യാന്ത്രിക ക്ഷമത പരിശോധിക്കുകയും കുട്ടികളുടെ യാത്രയുമായി ബന്ധപ്പെട്ട ആവശ്യമായ മറ്റ് ക്രമീകരണങ്ങൾ ഏർപ്പെടുത്തും.
- തീർത്തും ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിലൊഴികെ ഒക്ടോബർ ഒന്നിന് ആരംഭിക്കുന്ന ക്വാർട്ടറിൽ സ്റ്റേജ് കാര്യേജ് വാഹനങ്ങൾക്ക് ജി-ഫോം അനുവദിക്കുകയില്ല.
- സ്കൂളുകളുടെയും, വിവിധ ക്ലാസുകളുടെയും പ്രവർത്തനസമയം വ്യത്യസ്തമാക്കുന്നതിനും ഒന്നിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുട്ടികളെ കൊണ്ടു വരാവുന്ന രീതിയിൽ സ്കൂൾ ബസ്സുകളുടെ പെർമിറ്റ് വ്യവസ്ഥയിൽ താൽക്കാലിക ഇളവ് അനുവദിക്കും.

# Annexure

**GENERAL GUIDE LINES FOR SCHOOL BUS.**

1. The EIB shall be painted golden yellow with brown boarder. SCHOOL/COLLEGE name with address, telephone number and mobile number shall be displayed on the left side and rear exterior of the vehicle to contact emergency situation.
2. The EIB shall be fitted with a speed governor confirming to the prescribed standard for restricting the speed of 50km/h.
3. The EIB shall have a fire extinguisher.
4. No EIB shall carry more than one student in a seat. Adequate space shall be provided to keep school bags and allied in school bus.
5. The school management shall appoint the driver having minimum 10 years experience of driving the similar category of vehicles, and driver shall not be punished at any time for drunken driving, over speed and rash and negligent driving. The age of the driver shall not be more than 60 years and PTA should be informed about the appointment of the driver.
6. An able bodied attendant for each door should be available for safe boarding, carriage and alighting of students and the Attendant shall never be allowed to drive the vehicle under any circumstances.
7. An emergency exit shall be provided with safety glass on the vehicle and the word "EMERGENCY EXIT" shall be displayed in red colour in white back ground both inside and outside of the emergency exit. Every EIB shall be provided with side window on either side having not less than 55cm height 70cm length and the door shutter fitted with safe lock system.
8. First aid box with necessary medicine and equipments shall be kept in the vehicle. Every month the principal/nodal officer and parents committee shall check the FAB and recorded it in to the register.
9. The EIB shall be equipped with convex cross view mirror by which the driver can see the exit and entrance clearly. It shall also be equipped with large parabolic rear view mirror to enable the driver to have a clear view of the inside of the vehicle.

10. The vehicle shall carry a complete list of students traveling by that particular bus. The list shall be included the details of students like name, class, residential address with contact number and place of halt. The list will also indicate the route plan duly attested by the principal.
11. The school authorities shall maintain a register containing the details of vehicles ply with their school children, name and address of the driver and attendant and should verify the Tax, Insurance Certificate, Fitness Certificate, Permit and the validity of driving License, in time to time.
12. A serially numbered complaint book shall be made available in every vehicle. Every month the book shall be inspected by the principal/nodal officer, to go through the complaint and to take necessary remedies.
13. The students should be made to embark or disembark in the school premises for safe boarding of students. The managements should provide suitable parking place preferably within the premises of the school for the buses.
14. The management of Educational Institution shall conduct one day Road Safety class every year for students in consultation with MVD, Police and Education departments.

**DUTIES OF PTA**

1. The vehicle shall be inspected by the principal/nodal officer and parents committee every month to verify the mechanical condition and the functioning of the external features like wind screen, wiper, lights etc, the findings shall be recorded on the register maintained on the vehicle.
2. The School authorities and parents committee should be involved in making one teacher or a parent to travel in the bus from starting point to end point every day by turn.
3. The School authorities and parents committee shall exercise proper control over the operation of the vehicle and surprisingly watch the behavior/nature of service rendered by the crews of School Bus.

**DUTY OF DRIVER/ATTENDANT**

1. The driver of every EIB shall undergo an one day refresher training course in prior to opening of schools organized by MV Department and obtained the certificate, which shall be valid for one year.
2. The attendant shall help the students to get in and set down in the bus and also they have to help the students while crossing the road.
3. While embarking and disembarking is going on, the Attendant shall stand outside near the bus to see that safe embarking and disembarking is taken place.